# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4141
# 13.12.2018 ലെ മറുപടിക്ക്

## എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ട് പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ഐ.ബി. സതീഷ് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി ലഭ്യമാകുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം നല്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി പദ്ധതി ഇപ്പോൾ കളക്ടേറ്റുകളിലൂടെയാണ് നടപ്പിലാക്കിവരുന്നത്. ആയതനുസരിച്ച് അടങ്കൽ തുക ഒരു കോടി രൂപയിൽ താഴെയുള്ള പ്രവൃത്തികൾക്ക് ജില്ലാ തലത്തിൽ തന്നെ ഭരണാനുമതി നൽകി വരുന്നുണ്ട്. ഒരു കോടി രൂപയോ അതിൽ കൂടുതലോ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി നൽകി വരുന്നു. 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(അച്ചടി) നം.119/2018/ധന തീയതി 04/08/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം (3) പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശിപാർശകൾക്ക് ഒരാഴ്ചയ്ക്കകം തന്നെ ഭരണാനുമതി നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണെന്നും ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം തീർപ്പാക്കി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | തടസ്സം കൂടാതെ പ്രവർത്തികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഒരുക്കാനാകുമോ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ